**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4062** **27-10-2021 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളിലെ ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ജലജീവൻ മിഷന്റെ ഭാഗമായി എഗ്രിമെന്റ് വെച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ള പഞ്ചായത്തുകൾ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | 65 ഗ്രാമപഞ്ചായത്തുകളിൽ എഗ്രിമെന്റ് വെച്ച് ജലജീവൻ മിഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പഞ്ചായത്തുകൾ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രയാസങ്ങളെക്കുറിച്ച് പരാതി ഉന്നയിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ജലലഭ്യത കണക്കാക്കാതെ പുതിയ കണക്ഷനുകൾ നൽകുന്നതും തുടർന്ന് പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ട ബാധ്യത സംബന്ധിച്ചും പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | ജല ജീവൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പ്രതിദിന ആളോഹരി ജല ലഭ്യത (55 ലിറ്റർ) ഉറപ്പ് വരുത്തുന്നതിനായി ജല അതോറിറ്റി, ഭൂജല വകുപ്പ് എന്നിവയിൽ നിന്നുള്ള ഉദ്യോഗസ്ഥരും ജില്ലാ പഞ്ചായത്ത് മെമ്പറും അടങ്ങുന്ന സോഴ്സ് ഫൈൻഡിംഗ് കമ്മിറ്റി സ്രോതസ്സ് വിലയിരുത്തിയതിനു ശേഷമാണ് പദ്ധതികൾക്ക് അംഗീകാരം നൽകുന്നത്. സ്രോതസ്സുകളിലെ ജലലഭ്യതയും സുസ്ഥിരതയും പ്രസ്തുത കമ്മിറ്റി ഉറപ്പ് വരുത്തുന്നുണ്ട്. നിലവിലുള്ള കുടിവെള്ള പദ്ധതികളിൽ നിന്നും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുമ്പോൾ, ആവശ്യമായ പദ്ധതികളിൽ, സ്രോതസ്സുകളുടെ ശേഷി വർദ്ധിപ്പിക്കൽ (augmentation) ഉൾപ്പെടെ നടപ്പിലാക്കി ജല ലഭ്യത ഉറപ്പാക്കിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ